**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.447 1/12/2015-ൽ മറുപടിക്ക്**

# വൈദ്യുതി ഉത്പാദനത്തിനുള്ള പുതിയ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ.എം. ചന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) | പുതിയ പദ്ധതികളുടെ അഭാവത്തിൽ കേരളത്തിലെ വൈദ്യുതി ഉത്പാദനം പ്രതിസന്ധിയിലാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ ; | (എ) വർദ്ധിച്ചുവരുന്ന ഉപഭോഗത്തിന് അനുസരിച്ച് ആഭ്യന്തര ഉത്പാദനം സാധ്യമാകുന്നില്ല. ആയതിനാൽ അന്യ സംസ്ഥാന നിലയങ്ങളുടെ മേലുള്ള ആശ്രിതത്വം വർദ്ധിച്ചു വരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2013 ഡിസംബർ മുതൽ 2015 ജൂൺ വരെയുള്ള കാലയളവിൽ 1415 മെഗാവാട്ട് വൈദ്യുതി 25 വർഷത്തേക്ക് വാങ്ങുന്നതിന് ദീർഘകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിന് ഉയർന്ന ശേഷിയുള്ള ഒരു ആഭ്യന്തരനിലയം അനിവാര്യമാണ്. |
| (ബി) | പുതിയ പദ്ധതികൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ? | (ബി) ഉണ്ട്. 218.9 MW-ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് കെ.എസ്.ഇ.ബി.എൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW-ന്റെ താഴെ പറയുന്ന 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |

| | |
|---|---|
| 1. അപ്പർ കല്ലാർ | 2 MW(ടെണ്ടർ നോട്ടീസ് |

| | |
|---|---|
| | നൽകിയിട്ടുണ്ട്) |
| 2. പെരുവണ്ണാമൂഴി | 6 MW |
| 3. ചെമ്പുകടവ്-III | 7.5 MW |
| 4. ഒലിക്കൽ | 5 MW |
| 5. പൂവാരംതോട് | 3 MW |
| 6. ചിന്നാർ | 24 MW |

ഇതുകൂടാതെ അതിരപ്പിള്ളി പദ്ധതി (163 MW) കോടതിയിൽ നിലനിൽക്കുന്ന കേസ് തീരുന്ന മുറയ്ക്ക് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ഇതിന് പുറമെ വൈദ്യുതി ബോർഡിന്റെ ആഭിമുഖ്യത്തിലും സ്വകാര്യ സംരംഭകർ വഴിയും നടപ്പിലാക്കുന്ന വിവിധ സൗരോർജ്ജ ചെറുകിട ജലവൈദ്യുത പദ്ധതികളും പുരോഗമിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ